എ3 - 1823 /82

ഫോറസ്റ്റ് കൺസർവേറ്റർ ആപ്പീസ്
സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 20,
തീയതി 15..2..1992.

**<u>സർക്കുലർ നം. 4/92</u>**

വിഷയം. -കാറ്റത്തു കടപുഴകി വീണ മരങ്ങൾ വിൽക്കുന്നതു സംബന്ധിച്ച്

1989 - 90 കാലഘട്ടങ്ങളിൽ കാറ്റിൽ വീണതായ മരങ്ങലിൽ നിന്നും ശേഖരിച്ച തടിയും വിറകും അംഗീകരിച്ച ഗാർഡ് സ്റ്റേഷനിലേയ്ക്കോ ഡംബിങ്ങ് ഡെപ്പോയിക്കോ നീക്കം ചെയ്യുന്നതിന് ആവശ്യമായ അടങ്കലുകൾ സമർപ്പിക്കുവാൻ എല്ലാ റെയിഞ്ചാഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നതാണ് . എന്നാൽ ഏതാനും റെയിഞ്ചുകളിൽ മാത്രമാണ് ഈ ജോലി പൂർത്തിയാക്കിയിട്ടുള്ളത്.

സർക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന എടുത്ത സാംപത്തിക പ്രതിസന്ധിയും , മരം വെട്ടുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ മൂലം പൊതുമാർക്കറ്റിൽ അനുഭവപ്പെടുന്ന തടിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കാറ്റിൽ വീണ മരങ്ങളിൽ നിന്ന് ശേഖരിക്കുന്ന തടികൾക്ക് വർക്കിംഗ് മാർജ്ജിനേക്കാൾ നേരിയ വർദ്ധന ലഭിച്ചാൽ പോലും അപ്രകാരം പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ കാറ്റിൽ വീണ മരങ്ങൾ വനത്തിനകത്തു കിടന്ന് നശിച്ചു പോകുവാൻ ഇടവരുത്താതെ അവയിൽ നിന്ന് ലഭിക്കാവുന്ന തടിയും വിറകും ശേഖരിച്ച് അുത്ത് ഗാർഡ് സ്റ്റേഷനിലോ ഡബിംഗ് ഡെപ്പയിലോ ഇറക്കി ലേലം ചെയ്യുന്നതിനാവശ്യമായ അടങ്കലുകൾ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ താമസം വിനാ കൈകൊള്ളേണ്ടതാണ്.

ഈ സർക്കുലർ ലഭിച്ച വിവരം അറിയിക്കേണ്ടതാണ്. ഈ കാര്യത്തിൽ എടുത്ത നടപടിയുടെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ടും 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

| വർഷം | റെയിഞ്ചിന്റെ പേര് | ശേഖരിച്ചത് | ലേലം ചെയ്തത് | |
|---|---|---|---|---|
| 1989 | | | | |
| 1990 | | | | |
| 1991 | | | | |

ടി. എം. മനോഹരൻ,
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,
തൃശ്ശൂർ

പകർപ്പ് - എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും /എല്ലാ റെയിഞ്ച് ഓഫീസർമാർക്കും സർക്കുലർ ലഭിച്ചതിന് രശീതി നൽകേണ്ടതാണ്..